# പതിമൂന്നാം കേരളനിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.644**      **13/06/2012 ൽ മറുപടിക്ക്**

**പ്രമേഹ-രക്തസമ്മർദ്ദ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം**

**ചോദ്യം**
**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

**മറുപടി**
**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | പ്രമേഹ-രക്തസമ്മർദ്ദ രോഗികൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നടപ്പി ലാക്കിയിട്ടുണ്ടോ; | (എ) (ബി) & (സി) | പ്രമേഹ-രക്തസമ്മർദ്ദ രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുക എന്നത് പ്രസ്തുത രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിയുടെ ഭാഗമാണ്. ഇതിന്റെ ആദ്യ ഘട്ടം, 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും ഈ രണ്ട് രോഗങ്ങൾക്കും പരിശോധനക്ക് വിധേയമാക്കുകയെന്നതാണ്. ഈ പരിശോധന കേരളത്തിലെ എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. ഇത് ജൂലൈ പകുതിയോടെ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു. ഓഗസ്റ്റ് മുതൽ മരുന്ന് നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രഖ്യാപനം എന്നാണ് നടത്തിയതെന്നും എന്നു മുതലാണ് മരുന്നുകൾ സൗജന്യമായി നൽകുമെന്ന് പ്രഖ്യാപിച്ചതെന്നും വ്യക്തമാക്കാമോ; | | |
| (സി) | മരുന്നുകൾ സൗജന്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ